(ബി) ഭരണാനുമതി ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി വകുപ്പുതലത്തിൽ അതത് നിർവ്വഹണ ഏജൻസികളുമായി സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. പദ്ധതി നടത്തിപ്പിനും പുരോഗതി വിലയിരുത്തുവാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും എല്ലാ ജില്ലാ ഓഫീസുകളിലും മോണിറ്ററിംഗ് സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. കൂടാതെ റിവ്യൂ മീറ്റിംഗുകളിലൂടെയും Project Monitoring System മുഖേനയും വർക്കുകളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

(സി) അനുമതി നൽകിയ പദ്ധതികളിൽ ആരംഭിക്കാത്തവ അനുബന്ധം ബി ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. ടൂറിസം വകുപ്പിന് നിലവിൽ എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്തതിനാൽ മറ്റ് ഏജൻസികളായ KITCO, SIDCO, SILK, KIIDC, PWD, Irrigation തുടങ്ങിയ ഏജൻസികൾ മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. പ്രസ്തുത ഏജൻസികളുടെ ടെൻഡറിംഗ് പ്രോസസിലുണ്ടാകുന്ന കാലതാമസവും മറ്റ് സാങ്കേതിക തടസ്സങ്ങൾ, ഭൂമി ലഭ്യത കുറവ്, തീരദേശ പരിപാലന നിയമം, വനം വകുപ്പിന്റെ നിയന്ത്രണം, പാരിസ്ഥിതിക അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസം എന്നിവയും പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് കാലതാമസത്തിന് കാരണമാകുന്നു.

(ഡി) ടൂറിസം സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിന് പര്യാപ്തമായ ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തുകയും വകുപ്പിന്റെ ജില്ലാ ഓഫീസർമാരുടെയും/ബന്ധപ്പെട്ട ഡി.റ്റി.പി.സി.-കളുടേയും സാധ്യതാ പഠന റിപ്പോർട്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ NOC യുടെയും അടിസ്ഥാനത്തിൽ പദ്ധതിക്കാവശ്യമായ പ്രൊപ്പോസൽ പാസാക്കി സർക്കാർ അനുമതിയോടെ തുടർ നടപടികൾ സ്വീകരിക്കുന്നു.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

261 (3697) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നടപ്പിലാക്കുന്ന സേവനങ്ങളും പ്രവർത്തനങ്ങളും വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES, Kerala Legislative Assembly

(ബി) പ്രസ്തുത കൗൺസിലുകൾക്ക് സർക്കാർ നൽകിവരുന്ന ധനസഹായങ്ങൾ എന്തെല്ലാമാണ് ;

(സി) ഓരോ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കീഴിലും എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും, ഓരോ ജില്ലയിലും ഇവർ എത്ര പേരാണെന്നും ഇതിൽ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും എത്ര പേരുണ്ടെന്നും കാറ്റഗറി തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ഡി) ഇത്തരം കൗൺസിലുകളുടെ പ്രവർത്തനം വിപുലീകരിക്കാനും അവലോകനം ചെയ്യുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഹോം സ്റ്റേയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ആഭ്യന്തര-വിനോദ സഞ്ചാരികൾക്ക് നൽകുന്നു. ജില്ലയ്ക്കുള്ളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ കൂട്ടിയിണക്കിയുള്ള ഏകദിന ടൂറിസം യാത്രകൾ സംഘടിപ്പിക്കുന്നു. ടൂറിസം വകുപ്പ് ഒരുക്കുന്ന ഓണാഘോഷം, ഉത്സവം, എന്നീ പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടുതൽ ടൂറിസം ഡെസ്റ്റിനേഷനുകൾ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി വിശദമായ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുന്നു. അംഗീകാരം കിട്ടുന്ന പദ്ധതികളുടെ നിർമ്മാണച്ചുമതല, പൂർത്തിയായ പദ്ധതിയുടെ നടത്തിപ്പ്, നിലവിലുള്ള ഡെസ്റ്റിനേഷനുകളുടെ നവീകരണം, നടത്തിപ്പ് തുടങ്ങിയവ ഡി.റ്റി.പി.സി.-യുടെ പ്രവർത്തനത്തിൽ പെടുന്നു.

(ബി) ഡി.റ്റി.പി.സി. സമർപ്പിക്കുന്ന പ്രോജക്ടുകളിൽ സർക്കാർ അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നുണ്ട്. ക്ലീൻ ഡെസ്റ്റിനേഷന് ആവശ്യമായ ഫണ്ട്, ഓണാഘോഷം, "ഉത്സവം" എന്നീ പരിപാടികൾക്ക് ധനസഹായം നൽകുന്നത് കൂടാതെ ടൂറിസം ക്ലബ്ബുകൾക്കും ധന സഹായം നൽകുന്നു.

(സി&ഡി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly